പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ മെച്ചപ്പെടുത്താൻ നടപടി

47 (7344) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനസർക്കാർ പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ നടപ്പിലാക്കിയതിലൂടെ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ എന്ത് നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വകുപ്പുകളുടെ പ്രവർത്തനം - പദ്ധതി നിർവ്വഹണം ഉൾപ്പെടെ വിലയിരുത്തുന്നതിന് നാളിതുവരെ പിൻതുടർന്നുവന്ന സാമ്പത്തിക പുരോഗതിയുടെ അളവ് കൂടാതെ ഭൗതികവും, ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഓരോ ഇനത്തിലും കൈവരിക്കാൻ കഴിയുന്ന പരമാവധി നേട്ടം മുൻകൂട്ടി നിശ്ചയിച്ച് അത് സമയബന്ധിതമായി നേടുകയെന്നതാണ് പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ നടപ്പിലാക്കിയതിലൂടെ സർക്കാർ പ്രതീക്ഷിക്കുന്നത്.

(ബി) പദ്ധതിരേഖ അനുസരിച്ചും അല്ലാതെയും വകുപ്പ് കാഴ്ചവയ്ക്കുന്ന സേവനലക്ഷ്യം വർഷാരംഭത്തിൽ നിശ്ചയിക്കുകയും വർഷാന്ത്യം അവ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാൽ ഈ രീതി മാറ്റി ത്രൈമാസികമായി വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട്

48 (7345) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന്റെ വഞ്ചിയൂരുള്ള ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷനിൽ ധനകാര്യ വകുപ്പ് നടത്തിയ പരിശോധനാറിപ്പോർട്ടിന്മേൽ നടപടി ആവശ്യപ്പെട്ടുകൊണ്ട് ഐ.&പി.ആർ.ഡി. വകുപ്പ് നൽകിയ 41153/ഇ1/13/ഐ&പി.ആർ. തീയതി 5-11-2013 നമ്പർ കത്തനുസരിച്ച് സി-ഡിറ്റ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) സ്വീകരിച്ചുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കത്തിന് രജിസ്ട്രാർ നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly